രാജ്യസഭാ പ്രതിപക്ഷ ഉപനേതാവും ബി.ജെ.പി മുഖ്യ വക്താവുമായ ശ്രീ. രവിശങ്കർ പ്രസാദിന്റെ പത്രക്കുറിപ്പ്

വീണ്ടും കുംഭകോണം – യു.പി.എ, സ്വതന്ത്ര ഇന്ത്യയിലെ ഏറ്റവും അഴിമതി നിറഞ്ഞ സർക്കാർ

ഇറ്റാലിയൻ കമ്പനിയായ ഫിൻമെക്കാനിക്കയിൽ നിന്ന് അഗസ്റ്റ വെസ്റ്റ്ലാൻഡ് ഹെലികോപ്റ്ററുകൾ വാങ്ങാനുള്ള ഇടപാടു സംബന്ധിച്ച് ഗുരുതരമായ ആരോപണങ്ങൾ പൊതുജന മധ്യത്തിൽ ഉയർന്നിട്ടും സർക്കാർ അന്വേഷണത്തിന് മുതിരാത്തത് ഏറെ ആശങ്കയുളവാക്കുന്നു. 3546 കോടി രൂപയുടെ ഇടപാടിൽ 350 കോടി രൂപയുടെ കമ്മീഷനുണ്ടെന്ന് ആരോപണമുയരാൻ തുടങ്ങിയിട്ട് ഒരു വർഷത്തോളമായി. പർച്ചേസ് മാനദണ്ഡങ്ങൾ പ്രകാരം കമ്മീഷൻ നൽകുന്നത് കുറ്റമാണെന്നിരിക്കേ കൊടിയ അഴിമതിയാണിത്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വസ്തുതകൾക്ക് വലിയ പ്രാധാന്യമുണ്ട്:–

1. അഗസ്റ്റ വെസ്റ്റ്ലാൻഡുമായുള്ള കരാറിന് 2007 ൽ അന്തിമ രൂപമാകേണ്ടതായിരുന്നെങ്കിലും കരാർ ഒപ്പുവച്ചത് 2010 ഫെബ്രുവരിയിലാണ്.
2. ഈ ഇടപാട് ഇറ്റലിയിൽ വൻ അഴിമതി വിവാദത്തിന് തിരികൊളുത്തിയതായി കഴിഞ്ഞ ഒരു വർഷത്തോളമായി റിപ്പോർട്ടു ചെയ്യുന്ന പത്രങ്ങൾ, പ്രത്യേകിച്ച് 'ഇന്ത്യൻ എക്സ്പ്രസ്', ഗൗരവമേറിയ ചോദ്യങ്ങൾ ഉന്നയിച്ചിരുന്നു.
3. ഇടപാടിൽ ഇന്ത്യക്കാരായ ഇടനിലക്കാരുണ്ടെന്നും അവരിൽ ചിലർക്ക് വായുസേനാ മുൻ മേധാവിയുമായി അടുത്ത ബന്ധമുണ്ടെന്നും റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. ഡൽഹി പോലീസിന് ഹെലികോപ്റ്ററുകൾ നൽകാനുള്ള നിർദ്ദിഷ്ട ഇടപാടിൽ 8 മുതൽ 15 വരെ ശതമാനം കമ്മീഷൻ നൽകാൻ ഗാന്റ്റോൺ ലിമിറ്റഡുമായി അഗസ്റ്റ വെസ്റ്റ്ലാൻഡ് കരാറിലെത്തിയെന്ന് വ്യക്തമാക്കുന്ന ഒരു റിപ്പോർട്ട് 2012 മാർച്ച് 27 ന് ടൈംസ് നൗ വാർത്താ ചാനൽ സംപ്രേഷണം ചെയ്തിരുന്നു. ഹെലികോപ്റ്റർ കമ്പനി കമ്മീഷൻ വാഗ്ദാനം ചെയ്യുകയും നൽകുകയും ചെയ്യുന്നവരാണെന്ന വസ്തുത ഇതിൽ നിന്ന് വ്യക്തമാകുന്നു. അഴിമതി ആരോപണം അന്വേഷിക്കണമെന്ന ആവശ്യത്തിന് ഇത് കൂടുതൽ കരുത്തു പകരുന്നു.
4. ഇതൊക്കെയായിട്ടും സർക്കാർ എന്തുകൊണ്ട് അന്വേഷണത്തിന് മുതിരുന്നില്ല? തെറ്റായി യാതൊന്നും നടന്നിട്ടില്ലെന്ന് പ്രതിരോധ മന്ത്രി ശ്രീ. ആന്റണി പാർലമെന്റിൽ പറയുക വരെ ചെയ്തു.
5. ഇന്ത്യയുമായുള്ള ഹെലികോപ്റ്റർ ഇടപാടിൽ ഫിൻമെക്കാനിക്ക കമ്പനിക്കെതിരെ ഉയർന്ന അഴിമതി ആരോപണങ്ങൾ ഇറ്റാലിയൻ അധികൃതർ അന്വേഷിക്കുകയും കൈക്കൂലി ആരോപണത്തിൻമേൽ അതിന്റെ സി.ഇ.ഒയെ വരെ അറസ്റ്റ് ചെയ്യുകയും ചെയ്തു എന്നു വ്യക്തമാണ്.
6. ഇറ്റലിയിൽ നിന്ന് ഒരു വിവരവും ലഭിച്ചില്ലെന്ന ഇന്ത്യാ ഗവൺമെന്റിന്റെ നിലപാട് ഇനി പറയുന്ന കാരണങ്ങളാൽ വിശ്വാസ്യയോഗ്യമല്ല:–
എ) വിവരങ്ങൾ ലഭിക്കാനായി ഇറ്റാലിയൻ സർക്കാരിന്റെ ഉന്നത തലങ്ങളിൽ സർക്കാർ ബന്ധപ്പെട്ടിരുന്നോ?
ബി) ഇറ്റാലിയൻ അംബാസഡറെ വിളിച്ചു വരുത്തി കാര്യത്തിന്റെ അടിയന്തര പ്രാധാന്യം ബോധ്യപ്പെടുത്തിയിരുന്നോ?
സി) വിവരങ്ങൾ ശേഖരിക്കാനായി പ്രതിരോധ മന്ത്രാലയത്തിലെ ഉദ്യോഗസ്ഥരെ ഇറ്റലിയിലേക്ക് അയച്ചിരുന്നോ?
7. അഴിമതി ആരോപണം സംബന്ധിച്ച് കമ്പനിയുടെ സ്വന്തം രാജ്യമായ ഇറ്റലി പോലും ഊർജിതമായ അന്വേഷണം നടത്തുമ്പോൾ ഇവിടെ ചിലർ എന്തോ കാരണങ്ങളാൽ അന്വേഷണം വൈകിപ്പിക്കാൻ ശ്രമിക്കുകയാണ്.
8. സർക്കാരിന്റെ നിഷ്ക്രിയത്വത്തിനു കാരണം കമ്പനിയുടെ ഇറ്റാലിയൻ ബന്ധമാണോയെന്ന ന്യായമായ ചോദ്യവും ഉയരുന്നുണ്ട്. ബോഫോഴ്സ് കേസിൽ ക്വട്ടറോച്ചിയെ രക്ഷപ്പെടുത്താൻ കോൺഗ്രസ് സർക്കാർ ചെയ്ത കാര്യങ്ങൾ നമുക്കെല്ലാം നന്നായറിയാം.
9. കുംഭകോണങ്ങളും വിവാദങ്ങളും അഴിമതിയും സർക്കാരിന്റെ മുഖമുദ്രയായി മാറിയിരിക്കുന്നു. ആശങ്കയുളവാക്കും വിധം നിശ്ചിത ഇടവേളകളിൽ പ്രത്യക്ഷപ്പെടുന്ന അവ സർക്കാരിന് വലിയ നഷ്ടവുമുണ്ടാക്കുന്നു. സ്വാതന്ത്ര്യലബ്ധിക്കു ശേഷമുണ്ടായ ഏറ്റവും അഴിമതി നിറഞ്ഞ സർക്കാരാണിത്. പാർലമെന്റിന് അകത്തും പുറത്തും ഈ വിഷയം ഉന്നയിക്കാനും പ്രധാനമന്ത്രി, സോണിയാ ഗാന്ധി, പ്രതിരോധ മന്ത്രി എന്നിവരെക്കൊണ്ട് കണക്കു പറയിക്കാനും ബി.ജെ.പി തീരുമാനിച്ചിട്ടുണ്ട്. ഹെലികോപ്റ്റർ ഇടപാട് പൂർണമായും മരവിപ്പിക്കണമെന്നും പുനപ്പരിശോധിക്കണമെന്നും ബി.ജെ.പി ആവശ്യപ്പെടുന്നു.
10. ഇതിലൊക്കെ ഉപരിയായി, വൻ തുക കമ്മീഷൻ നൽകിയിട്ടുണ്ടെന്ന് ഇറ്റാലിയൻ പ്രോസിക്യൂട്ടർ വെളിപ്പെടുത്തിയിരിക്കേ, അത് ലഭിച്ചത് ആർക്കാണെന്ന് അറിയാൻ രാജ്യത്തെ ജനങ്ങൾക്ക് താത്പര്യമുണ്ട്.

(ഒ.പി. കോഹ്ലി)
കാര്യാലയം ഇൻ ചാർജ്.